# Malayala Manorama

# 17 August 2018

# Kochi: Flood, Relief activates, Camps

# കണ്ടു, ബോധ്യപ്പെട്ടു

## ക്യാംപിൽ കഴിയുന്നവർക്ക് ആശ്വാസം പകർന്ന് രാജ്നാഥ് സിങ്

**മനോരമ ലേഖകൻ**

കൊച്ചി • കേരളത്തിനു സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നു കേന്ദ്രമന്ത്രി രാജ്നാഥ് സിങ്. ദുരിതം നേരിൽ ബോധ്യപ്പെട്ടതായും അദ്ദേഹം പറഞ്ഞു.

സ്ഥിതിഗതികൾ കേന്ദ്രം നിരീക്ഷിച്ചുവരികയാണ്. ഒരുലക്ഷത്തോളംപേർ പ്രളയബാധിതരായുണ്ട്. വിനോദസഞ്ചാര മേഖലയ്ക്കു വലിയ നഷ്ടം സംഭവിച്ചു. മുഖ്യമന്ത്രി നൽകിയ നിവേദനം കേന്ദ്രം അനുഭാവപൂർവം പരിഗണിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പറവൂർ താലൂക്കിലെ എളന്തിക്കര ഗവ. എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപ് കേന്ദ്രമന്ത്രി സന്ദർശിച്ചു. മഴക്കെടുതി ഉണ്ടായ പ്രദേശങ്ങൾ ഹെലിക്കോപ്റ്ററിൽ സന്ദർശിച്ച ശേഷമാണ് അദ്ദേഹം ക്യാംപിലെത്തിയത്. മഴക്കെടുതി നേരിട്ടവർക്ക് എല്ലാവിധ പിന്തുണയുമായി സർക്കാർ കൂടെയുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം, മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, മാത്യു ടി.തോമസ്, വി.എസ്.സുനിൽകുമാർ, കെ.വി.തോമസ് എംപി, വി.ഡി.സതീശൻ എംഎൽഎ തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു. ഉച്ചയ്ക്കു 12.30നു വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ അൽഫോൻസ് കണ്ണന്താനത്തിനൊപ്പം കൊച്ചിയിൽ എത്തിയ കേന്ദ്രമന്ത്രി രാജ്നാഥ് സിങ്ങിനെ മന്ത്രി ഇ.ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

വിഐപി ലോഞ്ചിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി ടോം ജോസ്, സിപിഎം ജില്ലാ സെക്രട്ടറി സി.എൻ.മോഹനൻ എന്നിവർ കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. തുടർന്നു ഹെലിക്കോപ്റ്ററിൽ പ്രളയബാധിത മേഖലകൾ കാണുന്നതിനായി യാത്രതിരിച്ചു. ഇടുക്കി, ചെറുതോണി ഡാമുകളും അദ്ദേഹം വീക്ഷിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം, മന്ത്രി ഇ.ചന്ദ്രശേഖരൻ, അഡീഷനൽ ചീഫ് സെക്രട്ടറി പി.എച്ച്.കുര്യൻ എന്നിവരും ഒപ്പമുണ്ടായിരുന്നു.



കൈവിടില്ല: കൊച്ചി പറവൂർ ഇളന്തിക്കര ഗവൺമെന്റ് സ്കൂളിലെ ദുരിതാശ്വാസ ക്യാംപ് നിവാസികളെ ആശ്വസിപ്പിക്കുന്ന കേന്ദ്രമന്ത്രി രാജ്നാഥ് സിങ്. അൽഫോൻസ് കണ്ണന്താനം, പിണറായി വിജയൻ, വി.എസ്. സുനിൽകുമാർ എന്നിവർ സമീപം. ചിത്രം: മനോരമ

## പ്രത്യേക പാക്കേജ് വേണം: മുഖ്യമന്ത്രി

കൊച്ചി • കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ടു കേരളത്തിനു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ്ങിനു മുഖ്യമന്ത്രി പിണറായി വിജയൻ നിവേദനം നൽകി. കേരളത്തിൽ ഇപ്പോഴുണ്ടായ പ്രളയക്കെടുതി അസാധാരണമാംവിധം ഗുരുതരമാണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

പുനർനിർമാണത്തിനും പുനരധിവാസത്തിനും ആവശ്യമായ നിർദേശങ്ങൾ ഉൾപ്പെടുത്തി പാക്കേജ് സംബന്ധിച്ച നിവേദനം ഒരു മാസത്തിനകം സംസ്ഥാന സർക്കാർ സമർപ്പിക്കും. ദേശീയ ദുരന്ത നിവാരണ ഫണ്ടിന്റെ നിബന്ധനകൾപ്രകാരം നഷ്ടപരിഹാരം വളരെ പരിമിതമാണ്. കേരളത്തിനുണ്ടായ നഷ്ടത്തിന്റെ തീവ്രതയും വ്യാപ്തിയും കണക്കിലെടുത്തു മതിയായ നഷ്ടപരിഹാരം അനുവദിക്കണം. നാശനഷ്ടത്തിന്റെ വിഡിയോകളും ചിത്രങ്ങളും ഒപ്പം സമർപ്പിച്ചിട്ടുണ്ട്.